## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2753 — 06.11.2019-ൽ മറുപടിയ്ക്ക്.

## ഫാം ലൈസൻസ് പിൻവലിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) അഞ്ച് പശുക്കളിൽ അധികം വളർത്തുന്നവർക്ക് ഫാം ലൈസൻസ് നിർബന്ധമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകൾ പുറപ്പെടുവിക്കുകയുണ്ടായി. അത് പ്രകാരം 5 പശുക്കൾ / 5 പന്നികൾ / 20 ആടുകൾ / 100 കോഴികൾ / 20 മുയലുകൾ എന്നിവയിൽ കൂടുതൽ പക്ഷിമൃഗാദികളെ വളർത്തുന്നതിന് അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് അനിവാര്യമാണ്.<br>മേൽപ്പറഞ്ഞതിൽ കൂടുതൽ മൃഗങ്ങളെ വളർത്തുന്ന ഡയറി ഫാമുകൾക്ക് മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബയോഗ്യാസ് പ്ലാന്റ്, മേൽക്കൂരയുള്ള വളക്കുഴി, ശേഖരണ ടാങ്ക്, കമ്പോസ്റ്റ് കുഴി എന്നിവ അനിവാര്യമാണ്. അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കു നിശ്ചിത ഫീസ് അടച്ച് അപേക്ഷ നൽകണം. ലൈസൻസ് നൽകുന്നതിന് മുൻപായി മലിനീകരണ നിയന്ത്രണ ബോർഡിൽ നിശ്ചിത ഫീസ് അടച്ച് എൻ.ഒ.സി.യും വാങ്ങി നൽകണം. ഒരു വർഷത്തേക്കാണ് ലൈസൻസ് നൽകുന്നത്. മലിനീകരണ പ്രശ്നമുണ്ടായാൽ നൽകിയ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും അധികാരമുണ്ട്. |
| (ബി) സാധാരണക്കാരായ ചെറുകിട ക്ഷീരകർഷകർക്ക് ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന പ്രസ്തുത നടപടി പിൻവലിപ്പിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (ബി) ഫാമുകളിൽ നിന്നുള്ള മലിനീകരണ നിയന്ത്രണം ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ വകുപ്പാണ് ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിന് ചട്ടങ്ങൾ നടപ്പിലാക്കുന്നത്. കർഷകർക്ക് ഇതിൽ ചില നിബന്ധനകൾ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അത് സുതാര്യമാക്കി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ |

തദ്ദേശസ്വയംഭരണ വകുപ്പിന് മൃഗസംരക്ഷണ വകുപ്പ് നൽകിയിട്ടുണ്ട്. മലിനീകരണ നിയന്ത്രണം ഉറപ്പാക്കുവാൻ കർഷകർക്ക് വളക്കുഴി നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികളും നടപ്പാക്കേണ്ടതുണ്ട്. വളക്കുഴി നിർമ്മാണത്തിന് 12500/- രൂപ സബ്സിഡി നൽകുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**